പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1654 — 21.01.2014 ൽ മറുപടിയ്ക്ക്

## കൃഷി വകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി പി.അയിഷാ പോറ്റി | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കൃഷി വകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം നിലവിൽവന്നത് എന്ന് മുതലാണ്; | (എ) 2012-13 സാമ്പത്തിക വർഷത്തിലാണ് കൃഷി വകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം നിലവിൽവന്നത്. |
| (ബി) ഇ-പേയ്മെന്റ് സംവിധാനം ഉപയോഗപ്പെടുത്തി കർഷകർക്ക് ലഭിക്കേണ്ട വിവിധ ആനുകൂല്യങ്ങൾ കർഷകർക്കുള്ള അക്കൗണ്ടിൽ സമയബന്ധിതമായി ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ലഭിക്കേണ്ട തുക കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിൽ ലഭ്യമാക്കുന്നുണ്ട്. എന്നാൽ പ്രവർത്തനക്ഷമമല്ലാത്ത ബാങ്ക് അക്കൗണ്ടുകൾ, തെറ്റായി നൽകിയ അക്കൗണ്ട് നമ്പരുകൾ, യഥാർത്ഥ അക്കൗണ്ടിനു പകരം ലോൺ അക്കൗണ്ട് നൽകിയത് എന്നീ സാഹചര്യങ്ങളിൽ, തുക കർഷകരുടെ അക്കൗണ്ടുകളിൽ സമയബന്ധിതമായി ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (സി) ഇ-പേയ്മെന്റ് സംവിധാനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദമാക്കുമോ? | (സി) ഇ-പേയ്മെന്റ് സംവിധാനം കാര്യക്ഷമ മാക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾക്കുവേണ്ടി, ധനകാര്യ വകുപ്പിന്റെ മേൽനോട്ടത്തിൽ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (NIC) തയ്യാറാക്കിയ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ ഈ സാമ്പത്തിക വർഷത്തിൽ ഇ-പേയ്മെന്റ് പ്രക്രിയ നടത്തുന്നതാണ്.<br><br>ഇ-പേയ്മെന്റ് പ്രക്രിയയിൽ ഭാഗമാക്കാവുന്ന ബാങ്കുകളുടെ ഉന്നതതല ഉദ്യോഗസ്ഥന്മാരുടെ സംസ്ഥാനതല യോഗം 2013 നവംബറിൽ നടത്തുകയും, അവരുടെ സഹകരണം ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ നവംബർ 2013 ൽ ചേർന്ന എസ്.എൽ.ബി.സി യോഗത്തിലും ഇക്കാര്യം ചർച്ച ചെയ്യുകയുണ്ടായി, ബന്ധപ്പെട്ട ബാങ്കുകളുമായി കൃഷിവകുപ്പ് ഒരു സർവ്വീസ് ലവൽ എഗ്രിമെന്റ് ഒപ്പിടുന്നതിനും ധാരണയായിട്ടുണ്ട്. ഈ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ, വിവിധ ബാങ്കുകൾക്ക് ആവശ്യമായ ഫോർമാറ്റിൽ ഡേറ്റ |

വേഗത്തിൽ തയ്യാറാക്കി നൽകുന്നതിന് കഴിയും. ഈ ഡേറ്റയുടെ അടിസ്ഥാനത്തിൽ ബാങ്കുകൾക്ക് 48 മണിക്കൂറിനുള്ളിൽ തുക കർഷകരുടെ അക്കൗണ്ടുകളിലേക്ക് കൈമാറ്റം ചെയ്യുവാൻ സാധിക്കുന്നതാണ്. ഇപ്രകാരം തുക ട്രാൻസ്ഫർ ചെയ്ത് 7 ദിവസത്തിനകം ട്രാൻസ്ഫർ സംബന്ധിച്ച വിശദാംശങ്ങൾ ബന്ധപ്പെട്ട അസിസ്റ്റന്റ് ഡയറക്ടർമാർക്ക് ലഭ്യമാകും. ഇതിന്റെ അടിസ്ഥാനത്തിൽ തുക കൈമാറിയിട്ടുണ്ടെങ്കിലും, ഇല്ലെങ്കിലും, വിവരം മൊബൈൽ ഫോൺ ഉള്ള കർഷകരെ എസ്.എം.എസ് സന്ദേശങ്ങൾ വഴി അറിയിക്കുവാനുള്ള സംവിധാനവും ഉണ്ട്.

തുക കൈമാറാത്ത സാഹചര്യത്തിൽ, അത്തരം ഗുണഭോക്താക്കളുടെ കൃഷിഭവൻ, പദ്ധതി, ബിൽ തിരിച്ചുള്ള വിശദാംശങ്ങളും സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ ലഭിക്കുന്നതിനാൽ, കൃഷിഭവൻ തലത്തിൽ ബന്ധപ്പെട്ട കർഷകരുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുവാനും, കാലതാമസം ഒഴിവാക്കുന്നതിനും കഴിയും. ഈ സോഫ്റ്റ്‌വെയർ സംവിധാനം കാര്യക്ഷമമായി ഉപയോഗിക്കുന്നതിന്, സംസ്ഥാനത്തെ എല്ലാ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്കും, തെരഞ്ഞെടുത്ത കൃഷി ഓഫീസർമാർക്കും ജില്ലാതല പരിശീലനങ്ങൾ ഡിസംബർ മാസത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്. പങ്കാളികളായിട്ടുള്ള ബാങ്കുകളുമായി ചേർന്ന് കസ്റ്റമൈസേഷൻ പൂർത്തിയായാലുടൻ, പുതിയ സംവിധാനത്തിലൂടെ ഫെബ്രുവരി അവസാനത്തോടെ ഇ-പേയ്മെന്റ് ഫലപ്രദമായി നടത്തുവാൻ കഴിയുന്നതാണ്.

സെക്ഷൻ ഓഫീസർ